# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1380/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 10/01/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-10 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/1380/21 തീയ്യതി: 10/01/2022

## കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-12-2019 മുതൽ 07-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാബുരാജ് മടപ്രത്ത്, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)

ശ്രീമതി.ഉഷ.കെ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.വനജ മാടത്താൻകണ്ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ (26.11.2021 വരെ)

ശ്രീമതി.നിഖില എ എം,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.അശോകൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.കെ.ശോഭന | സെക്രട്ടറി | 01-04-2019 | 15-05-2019 |
| ശ്രീ.അനിൽകുമാർ.പി | സെക്രട്ടറി | 16-05-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സജിവേന്ദ്രൻ.വി.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 06-05-2019 |
| ശ്രീ.സുധീർ.പി. | അസിസ്റ്റന്റ് സെക്രട്ടറി | 07-05-2019 | 24-07-2019 |
| ശ്രീമതി.ബിന്ദു ജോസഫ് | അസിസ്റ്റന്റ് സെക്രട്ടറി | 25-07-2019 | 31-03-2020 |
| ശ്രീ.രാഹുൽ മധു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.അശ്വനി.കെ.എസ്. | കൃഷി ഓഫീസർ | 01-04-2019 | 26-01-2020 |
| ശ്രീമതി.ഡോണ സ്കറിയ | കൃഷി ഓഫീസർ | 27-01-2020 | 16-02-2020 |
| ശ്രീമതി.അശ്വനി.കെ.എസ്. | കൃഷി ഓഫീസർ | 17-02-2020 | 31-03-2020 |
| ഡോ.മഞ്ജുള.കെ.പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.അരവിന്ദ്.എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2019 | 31-03-2020 |
| ഡോ.ഷബാന ബീഗം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.ജയപ്രഭ.സി.ചൂരിയോട്ടിൽ | വെറ്റിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ.പി.എൻ.ഷിബു | വെറ്റിനറി സർജൻ | 01-08-2019 | 31-03-2020 |
| ശ്രീ.മനോജ്.സി.വി. | വി.ഇ.ഒ | 01-04-2019 | 11-06-2019 |
| ശ്രീ.ബിനു.എം | വി.ഇ.ഒ | 12-06-2019 | 30-06-2019 |
| ശ്രീ.രസിത്.കെ.എം | വി.ഇ.ഒ | 01-07-2019 | 19-07-2019 |
| ശ്രീ.മുഹമ്മദ് ഹിജാസ് | വി.ഇ.ഒ | 20-07-2019 | 31-07-2019 |
| ശ്രീ.ഷാജി.കെ.പി. | വി.ഇ.ഒ | 01-08-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീ.സി.പ്രേംകുമാർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി എ.വി. ശോഭന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 03-11-2019 |
| ശ്രീമതി ബിന്ദു ടി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-11-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-1 |
| 2 | ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Baburaj (Audit Officer, On 23-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Baburaj (Audit Officer, On 26-11-2021)<br>Last Updated By: Baburaj (Audit Officer, On 02-12-2021) | 1-2 |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-5 |
| 8 | ഗ്രാമസഭ<br>Written By: Baburaj (Audit Officer, On 20-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-5-1 |
| 9 | ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ<br>Written By: Baburaj (Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-5-2 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-7 |
| 12 | കാഷ് ബാലൻസ്<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-9 |
| 14 | വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-10 |
| 15 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് അപാകങ്ങൾ<br>Written By: Nikhila A.M. (Auditor, On 25-11-2021) | 1-11 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 16 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-12 |
| 17 | ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-13 |
| 18 | വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-14 |
| 19 | തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-15 |
| 20 | ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല.<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-16 |
| 21 | വാടക കുടിശ്ശിക, പിഴ പലിശ എന്നിവ ഈടാക്കിയില്ല<br>Written By: Nikhila A.M. (Auditor, On 25-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-17 |
| 22 | കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് പുഷ്പകൃഷി- രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 43500 രൂപ തടസ്സപ്പെടുത്തുന്നു .<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-18 |
| 23 | നാടൻ വാഴക്കന്ന് വിതരണം - വിതരണ രേഖകളുടെ അഭാവത്തിൽ 81000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-19 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-20 |
| 25 | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) - 2471 രൂപക്കുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-21 |
| 26 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-22 |
| 27 | കുടുംബശ്രീ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല<br>Written By: Usha.A (Asst. Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-23 |
| 28 | ലൈഫ് മിഷൻ - ബ്ലോക്ക്, ജില്ലാതല കുടുംബസംഗമങ്ങൾ - വിനിയോഗ | 1-24 |

| | | |
|---|---|---|
| | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 29 | എസ്.എസ്.എ. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-25 |
| 30 | സമഗ്ര വിദ്യാഭ്യാസ പരിപാടി- രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹ 30,000 തടസ്സപ്പെ ടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-26 |
| 31 | സ്മാർട്ട് ക്ലാസ്സ് റൂം, ഒന്നാം ക്ലാസ്സ് ഒന്നാംതരം (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല. ₹ 49,900 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-27 |
| 32 | ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 50,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-28 |
| 33 | അക്ഷരലക്ഷം - രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹ 10346 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-29 |
| 34 | കേരളോത്സവം - ചെലവുരേഖകൾ ഹാജരാക്കിയില്ല. ₹5000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-30 |
| 35 | തുടർ സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹8,916 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-31 |
| 36 | സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 1,20,372 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-32 |
| 37 | ഭൂജല വകുപ്പിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തത് - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 2,79,000 തടസ്സപ്പെടുത്തുന്നു.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-33 |
| 38 | ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീം - വർദ്ധിപ്പിച്ച നിരക്കിൽ പ്രീമിയം തുക ഈടാക്കി ഒടുക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-34 |
| 39 | മഴക്കാല പൂർവ്വ ശുചീകരണം - വൗച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല- ₹ 30,000 തടസ്സപ്പെടുത്തുന്നു. | 1-35 |

| | | |
|---|---|---|
| | Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 40 | ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-36 |
| 41 | മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ നിർത്തലാക്കുന്നില്ല.<br>Written By: Vanaja Madathankandi (Senior Grade Auditor, On 29-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-37 |
| 42 | ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല<br>Written By: Baburaj (Audit Officer, On 24-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-38 |
| 43 | മോണിറ്ററിങ്ങ് കാര്യക്ഷമമല്ല<br>Written By: Baburaj (Audit Officer, On 26-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങളുടെ വിവരം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| | Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 06-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Baburaj (Audit Officer, On 16-11-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## 1-1 ബജറ്റ്

| തീരുമാനം നമ്പർ, തീയ്യതി | 28/19 തീയതി 13.02.2019 |
|---|---|
| മുന്നിരിപ്പ് | 10780069.06 |
| തൻവർഷവരവ് | 324854358 |
| ആകെ | 335634427.06 |
| തൻ വർഷ ചെലവ് | 328,703,512 |
| നീക്കിയിരിപ്പ് | 6930915.06 |

പുതുക്കിയ ബജറ്റ് അംഗീകരിച്ചതായി കാണുന്നില്ല.

### 1-1-1 ബജറ്റ് രേഖകൾ സൂക്ഷിക്കുന്നില്ല

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2019-20 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016 തീയതി.2.12.2016 പ്രകാരം സർക്കാർ അംഗീകരിച്ച ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2020 | 25.05.2020 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധന – അപാകങ്ങൾ.

1. 2019-20 വർഷം പൊളിഞ്ഞുപോയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വിമുക്തഭടന്മാരുടെ ഉടമസ്ഥതയിലുള്ള വീടുകളുടെ വസ്തുനികുതി ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് 2019-20 വർഷം 75 പേരുടെ പേരും ഒഴിവാക്കേണ്ട നികുതിയും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീററ് ഷെഡ്യൂൾ B-15 പ്രകാരമുള്ള നികുതി, നികുതിയേതര കുടിശ്ശികകൾ വർഷാടിസ്ഥാനത്തിൽ കണക്കാക്കി സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ, തീയതി 26-07-2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11 പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത

പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

4. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

5. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2021ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Building | 892 |
| 280100102-Prior Period Income -Profession Tax-Institutions/Professionals/Traders | 15420 |
| 280200401-Prior Period Income-Other Income | 31768 |
| 280200402- Prior Period Income- Recovery Of Unutilised Grant | 26314 |

6. വാർഷിക ധനകാര്യപത്രികയിലെ I-4(b), RP-4 ഷെഡ്യൂളുകൾ പ്രകാരം ₹ 1,00,440 കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസിനത്തിൽ ഡിമാന്റും കളക്ഷനും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വരവിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (32/19-20, 26-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16,258,002.36 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42040951 |
| ആകെ | 58,298,953.36 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40,132,364 |
| നീക്കിയിരിപ്പ് | 18,166,589.36 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 708034 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക/ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12287000 | 12287000 | 8356171 | 3930829 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 913000 | 913000 | 793000 | 120000 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 1080000 | 1080000 | 731048 | 348952 |
| മെയിന്റനൻസ്, റോഡ് | 0 | 5009000 | 5009000 | 2957752 | 2051248 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3928000 | 3928000 | 2694889 | 1233111 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9391000 | 9391000 | 4863279 | 4527721 |
| തൊഴിലാളികളുടെ കൂലി | -- | 22924490 | 22924490 | 22924490 | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21080 | 1415739 | 1436819 | 762927 | 673892 |
| ഐ.സി.ഡി.എസ് | 1050976 | 721926 | 1772902 | 1250644 | 522258 |
| എം.പി.ഫണ്ട് | 15595 | -- | 15595 | -- | 15595 |
| നബാർഡ് | 89102 | -- | 89102 | -- | 89102 |
| സമ്പൂർണ ശുചിത്വം | 898260 | 91568 (പലിശ) | 989828 | 150000 | 839828 |
| ശുചിത്വ മിഷൻ ഗ്രാന്റ് (ഹരിതകേരളം ഉൾപ്പെടെ) | 2144416 | - | 2144416 | 1085865 | 1058551 |
| സാക്ഷരത | 438935.03 | 14891 | 453826.03 | - | 453826.03 |
| ലൈബ്രറി ഗ്രാന്റ് | 14820 | 13610 | 28430 | 13610 | 14820 |
| കേരളോത്സവം | 20478 | 20000 | 40478 | 40478 | - |
| വിമുക്തി | 28545 | - | 28545 | 8350 | 20195 |

## 1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 48047791 | 111 | 26604005 | -- | 46 | 70.7 |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 27 | 21 | 7304857 | 4910109 | 67.2 |
| 2 | അസി.എഞ്ചിനീയർ | 58 | 27 | 21914724 | 9080662 | 41.4 |
| 3 | അഗ്രിക്കൾച്ചർ ഓഫീസർ | 8 | 8 | 2261816 | 1272390 | 56.3 |
| 4 | മെഡിക്കൽ ഓഫീസർ ,പി..എച്ച്.സി. | 11 | 10 | 1582540 | 1117911 | 70.6 |
| 5 | മെഡിക്കൽ ഓഫീസർ (ആയു) | 4 | 3 | 930000 | 745399 | 80.2 |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 200000 | 199834 | 99.9 |
| 7 | ഹെഡ് മാസ്റ്റർ | 10 | 7 | 937254 | 270902 | 28.9 |
| 8 | വെറ്റിനറി സർജൻ | 7 | 7 | 2025000 | 1235713 | 61 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 1129600 | 914247 | 80.9 |
| 10 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3 | 3605500 | 3405044 | 94.40 |
| 11 | വി.ഇ.ഒ | 16 | 14 | 6156700 | 3451794 | 56.1 |
| | ആകെ | 157 | 111 | 48047991 | 26604005 | 55.36 |

2019 -20 ലെ ആകെ പദ്ധതിച്ചെലവ്, അംഗീകരിച്ച പദ്ധതി അടങ്കൽ തുക 55.3 ശതമാനം മാത്രമാണ്. കാർഷിക മേഖലക്ക് ഏറെ പ്രധാനമുള്ള ഈ പഞ്ചായത്തിൽ ഈ മേഖലയിലെ ആകെ ചെലവ് 56.3% മാത്രമാണ്. മൃഗസംരക്ഷണം മേഖലയുടെതാകട്ടെ 61 ശതമാനവും. ഉൽപാദന മേഖലയിൽ ഉണ്ടായ ഈ കുറഞ്ഞ ചെലവ് സംബന്ധിച്ച് ബന്ധപ്പെട്ട കമ്മറ്റികൾ ചർച്ചകൾ നടത്തിയിട്ടുണ്ട്. 28.9.2019 ന്റെ വികസന സ്റ്റാൻഡിങ് കമ്മിറ്റി ഒരു പൈസയും ഉല്പാദന മേഖലയിൽ ചെലവഴിച്ചിട്ടില്ല എന്ന് വിലയിരുത്തുകയുണ്ടായി. 29 .10. 2019 ന്റെ യോഗം ഉല്പാദനമേഖലയിലെ പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുമുണ്ട്. 6.12.2019 ന്റെ യോഗവും കുറഞ്ഞ ചെലവ് സംബന്ധിച്ച് ചർച്ച ചെയ്യുകയും പരിഹാരമുണ്ടാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തു . എങ്കിലും ചെലവ് കാര്യമായി ഉയർന്നിട്ടില്ല.

വികസന സെമിനാർ

2019-20 ലെ വികസന സെമിനാർ 3.12.2018 ന് നടന്നു. 137 പേർ പങ്കെടുത്തു.

## 1-5-1 ഗ്രാമസഭ

ഗ്രാമ സഭ

മാലൂർ ഗ്രാമ പഞ്ചായത്തിൽ 15 വാർഡുകളാണുള്ളത്. 2019-20 വർഷം 6/19, 12/19, 1/2020, 2/2020 മാസങ്ങളിലായാണ് വാർഡുകളിൽ ഗ്രാമ സഭകൾ താഴെ പറയുന്ന പ്രകാരം യോഗം ചേർന്നിട്ടുള്ളത്.

| യോഗം ചേർന്ന കാലയളവ് | അജണ്ട |
|---|---|
| 6/2019 | മഴക്കാല പൂർവ്വ ശുചീകരണം, 2018-19 വർഷത്തെ വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, MNREGS വ്യക്തി ഗത ഗുണഭോക്താക്കളെ അംഗികരിക്കൽ |
| 12/2019 | തൊഴിലുറപ്പ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്താക്കളെ അംഗീകരിക്കൽ |

| | |
|---|---|
| 1/2020 | 2020-21 വാർഷിക പദ്ധതി രൂപീകരണം,2019-20 വാർഷിക പദ്ധതി അവലാകനം, |
| 2/2020 | ദുരന്ത നിവാരണ പദ്ധതി രൂപീകരണം, ബേഠീ ബചാവോ, ബേഠീ പഠാവോ പദ്ധതി വിശദീകരണം, |

ഗ്രാമ സഭകളിൽ പങ്കാളിത്തം പൊതുവേ തൃപ്തികരമാണ്. പദ്ധതി രൂപീകരണം സംബന്ധിച്ച് വിശദമായ ചർച്ചകൾ ഗ്രാമസഭകളിൽ നടന്നിട്ടുള്ളതായി കാണുന്നുണ്ട്.

## 1-5-2 ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ സമിതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ 2018-19 മുതൽ 2021-22 വരെയുള്ള വാർഷികപദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച സ.ഉ.(കൈ) നം.11/2018/തസ്വഭവ. തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.3-1-1 (ബി) യിൽ ആസൂത്രണ സമിതിയുടെ ചുമതലകൾ പരാമർശിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാസാഹിപ്പിക്കുക, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയെയും വർക്കിംഗ് ഗ്രൂപ്പുകളെയും സഹായിക്കുക, അധികവിഭവസമാഹരണസാദ്ധ്യതകൾ കണ്ടെത്തുന്നതിന് സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിക്ക് റിപ്പോർട്ട് നൽകുക, സ്റ്റേക്ക് ഹോൾഡർമാരുമായുള്ള കൂടിയാലോചന, ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച എന്നിവയ്ക്ക് സഹായം നൽകുക, സ്ഥാപനത്തിന്റെ പ്രാദേശികാസൂത്രണത്തിന് സഹായിക്കുന്നതിന് വിദഗ്ധർ, സന്നദ്ധ പ്രവർത്തകർ എന്നിവരെയും അക്കാദമിക് - സാങ്കേതിക സ്ഥാപനങ്ങളെയും കണ്ടെത്തുന്നതിന് സഹായിക്കുക തുടങ്ങിയ സുപ്രധാന ചുമതലകൾ നിർവഹിക്കാനുണ്ട്. ആസൂത്രണ സമിതിയുടെ മിനുട്സ് പരിശോധിച്ചതിൽ, മേൽസൂചിപ്പിച്ച പ്രകാരമുള്ള സുപ്രധാന ചുമതലകൾ നിർവഹിക്കുന്നതിന് ആസൂത്രണസമിതിക്ക് ഈ വർഷം സാധിച്ചിട്ടില്ലെന്ന് പദ്ധതി അവലോകനം ചെയ്തതിൽ നിന്ന് വ്യക്തമാകുന്നു . 21.12.2019,26.12.2019 തീയതികളിലായി രണ്ട് തവണ മാത്രമാണ് ഈ സമിതിയുടെ യോഗം ചേർന്നിട്ടുള്ളത്. ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതികൾ സംബന്ധിച്ച് കാര്യമായ ചർച്ചകളോ ആസൂത്രണമോ ഉണ്ടായിക്കാണുന്നില്ല.

ആസൂത്രണ സമിതി അതിന്റെ ഉദ്ദേശ്യങ്ങൾ നിർവഹിക്കുന്ന രീതിയിൽ ചേരേണ്ടതും കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്.

വർക്കിംഗ് ഗ്രൂപ്പ്

വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള അവസ്ഥാ രേഖ പരിഷ്കരിക്കുക, സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചനകൾ നടത്തുക, വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, ക്ഷമതയുള്ളതും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതവുമായ പ്രോജക്ടുകൾ പൂർണ്ണമായും ചിട്ടയായും നിശ്ചിത ഫോറങ്ങളിൽ എഴുതി തയ്യാറാക്കുക, മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകൾ. പഞ്ചായത്തിൽ രൂപീകൃതമായിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണത്തിൽ അർപ്പിതമായ കടമകൾ നിർവഹിച്ചിട്ടില്ല. മാലൂർ ഗ്രാമപഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ടെങ്കിലും ഭൂരിപക്ഷം യോഗങ്ങളുടെയും മിനുട്സ് രേഖപ്പെടുത്തിയിട്ടില്ല. മതിയായ ഹാജരും ഉണ്ടായിട്ടില്ല.(ഉദാ:ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിന്റെ 22.2.2020, 2.3.2020 ദിവസങ്ങളിലെ ഹാജർ യാഥാക്രമം 3ഉം 2 ഉം ആണ്). പദ്ധതികളുടെ ഫലപ്രാപ്തി സംബന്ധിച്ച് വിശദമായ ചർച്ചകൾ നടത്തിയിട്ടില്ല. പദ്ധതികളുടെ മോണിറ്ററിങ്ങും ഒട്ടും ഫലപ്രദമല്ല.പ്രൊജക്ട് ഫയലുകളോടൊപ്പം മോണിറ്ററിങ്ങ് റിപ്പോർട്ട് നിശ്ചയമായും ഉൾപ്പെടുത്തേണ്ടതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ | -- | 22924490 | 22924490 | 22924490 | |

| | | | | | |
|---|---|---|---|---|---|
| കൂലി | | | | | |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 21080 | 1415739 | 1436819 | 762927 | 673892 |
| ആകെ | 21080 | 24340229 | 24361309 | 23687417 | 673892 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3430800 | 578 |
| തൊഴിൽ രഹിത വേതനം | 14280 | 9 |
| വിധവാ പെൻഷൻ | 3996000 | 708 |
| വാർദ്ധക്യകാല പെൻഷൻ | 6229500 | 1097 |
| ഭിന്ന ശേഷിക്കാരുടെപെൻഷൻ | 1581500 | 276 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 750600 | 52 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 കാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 10.11.2021 ന് ഉച്ച തിരിഞ്ഞ് 2.35 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 133357/ രൂപ കാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

..
ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. ജീവനക്കാർക്കിടയിൽ ജോലികൾ കാര്യക്ഷമമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ജോലികളുടെ നിർവഹണത്തിലെ പുരോഗതി വിലയിരുത്തുകയും നിശ്ചിത ഇടവേളകളിൽ ജോലി വിഭജനത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ജോലി പുരോഗതി ചർച്ച ചെയ്ത് വിലയിരുത്തുന്നതിനായി സ്റ്റാഫ് മീറ്റിങ്ങുകൾ 2019-20 വർഷത്തിൽ 9 തവണ ചേർന്നിട്ടുണ്ട്. റവന്യൂ പിരിവ്, ഫണ്ട് വിനിയോഗം ,പദ്ധതി നിർവഹണം എന്നിവയിലെ പുരോഗതി, സേവന പ്രദാനത്തിലെ പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുമായി സ്റ്റാഫ് മീറ്റിങ്ങുകൾ എല്ലാ മാസങ്ങളിലും ചേരുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നികുതി പിരിവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും കൈവരിക്കേണ്ട ലക്ഷ്യം നിശ്ചയിച്ച് പ്രവർത്തിച്ചതായി കാണുന്നത് സ്വാഗതാർഹമാണ്. പൊതു ജനങ്ങൾക്കുള്ള സേവനങ്ങൾ നിശ്ചിത സമയ പരിധിക്കകം ലഭ്യമാക്കി വരുന്നതായി പൊതുവായ പരിശോധനയിൽ ബോധ്യപ്പെടുന്നുണ്ട്.

## 1-10 വിമുക്ത ഭടൻമാരുടെ വാസഗൃഹത്തിന് വസ്തുനികുതി ഇളവ് - സാക്ഷ്യപത്രം

## സമർപ്പിക്കാത്തവർക്ക് ഇളവ് നൽകി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ അപേക്ഷ സമർപ്പിക്കാത്തതും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങളിൽ ഉൾപ്പെടാത്തതുമായ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ 2019-20 വർഷം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | IV/187 | പെരുമ്പൊയിലൻ സഹജൻ |
| 2 | VIII/115 | കാര്യാടൻ യശോദ |
| 3 | IX/243 | ചെല്ലട്ടൻ രാജേഷ് |
| 4 | IX/288 | സി. പി. സുരേഷ് ബാബു |
| 5 | XI/80 A | ഷിനോജ് വെള്ളുവ |
| 4 | XIII/161 | മൂര്യൻ ബിജു |
| 7 | XIII/174 | കല്ലേരിക്കരമ്മൽ ശശീന്ദ്രൻ |
| 8 | XIII/313 | പെരിങ്ങാലി കൃഷ്ണൻ നമ്പ്യാർ |
| 9 | XIII/314 | മാവില സജീവൻ |
| 10 | XV/558 A | കാവളാൻ ജാനകി |

അപാകങ്ങൾക്ക് മറുപടി നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/19-20 തീയതി 20/11/21 നൽകിയ മറുപടിയിൽ എൻക്വയറിയിൽ പരാമർശിച്ച കെട്ടിട ഉടമസ്ഥരുടെ പേരുകൾ അബദ്ധ വശാൽ സ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സിൽ ചേർക്കാൻ വിട്ടുപോയതാണെന്നാണ് അറിയിച്ചിട്ടുള്ളത്. വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവരിൽ നിന്നും ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കേണ്ടതാണ്. അപാകങ്ങൾ പരിഹരിക്കേണ്ടതും സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്തവർക്ക് ഇളവ് നൽകുന്നത് ഒഴിവാക്കേണ്ടതുമാണ്.

## 1-11 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് അപാകങ്ങൾ

1. 31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക

പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ മാലൂർ ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ/ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെയാണ് ലൈസൻസ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് . അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.5/15.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ , പുതിയതായി ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ എന്നിവയുടെ എണ്ണം സംബന്ധിച്ച കൃത്യമായ കണക്കില്ല. ലൈസൻസ് പുതുക്കൽ, പുതിയ ലൈസൻസ് അപേക്ഷ, വിറ്റുവരവ്, മൂലധനനിക്ഷേപം, തീയതി തുടങ്ങിയ കോളങ്ങൾ പല അപേക്ഷകളിലും പൂരിപ്പിച്ചിട്ടില്ല. ലൈസൻസ് അപേക്ഷയിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പ് വരുത്തി ലൈസൻസ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. അപാകത പരിഹരിച്ച് തുടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. 2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടില്ല.

3. താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2019-20സാമ്പത്തിക വർഷം ലൈസൻസ് ഫീ ഒടുക്കിയിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ/ഉടമസ്ഥന്റെ പേര് |
|---|---|
| 79 | 4/317റിജിന എം |
| 101 | 15/131 Cപ്രശാന്ത് എ വി |
| 136 | 4/324പി ഗിരീഷ് കുമാർ |
| 137 | 13/71ബാബു കണ്ണോത്ത് |
| 157 | 5/238,239സുബിൻ വി |
| 172 | 2/37ഷജിത്ത് വി |
| 173 | 15/182 Aചന്ദ്രോത്ത് സദാനന്ദൻ |
| 175 | 13/35പുതിയപുരയിൽ അഷ്റഫ് |
| 192 | 4/പ്രേമരാജൻ ടി പി |

| | |
|---|---|
| 214 | 8/36അനിൽ ജോസഫ് |
| 219 | 8/44പുഷ്പദാസൻ കെ |
| 246 | 14/34പി വി രാജീവൻ |
| 276 | 14/51 Cഷെബീർ കെ ടി |
| 280 | 14/277ശ്രീനിഷ സി കെ |
| 291 | 8/അനിൽ മനോളി |
| 292 | 13/157എം പി ജനാർദ്ദനൻ |
| 299 | 6/250 Aഎൻ വിജേഷ് |
| 306 | 15/സുനിൽ കുമാർ |
| 309 | 2/428 Bശ്രീജിമ ദിലീപ് |
| 323 | പി സമീന്ദ്രൻ |
| 324 | 12/49ബാലൻ നമ്പ്യാർ |
| 354 | 15/58,59പി മജീദ് |
| 337 | 15/ കാദർ കെ |
| 328 | 4/ സനിജ കെ പി |
| 327 | 3/ എ വിജയശ്രീ |
| 122 | പ്രദീപൻ കരിമ്പിൻചാലിൽ |

ലൈസൻസ് രജിസ്റ്ററിൽ മേൽ ക്രമ നമ്പർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നവരുടെ കെട്ടിട നമ്പർ,വ്യാപാരം, ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/15.11.21)മറുപടി ഹാജരാക്കിയിട്ടില്ല. ലൈസൻസ് ഫീ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു റേഷൻ കട 2020-21 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.1.19 ലെ (സി.എസ്) എ9-764/19 സർക്കുലറിൽ റേഷൻ കടകളെ തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയിൽ നിന്നും ഒഴിവാക്കാനാവുന്നതല്ലെന്ന് അറിയിച്ചിട്ടുണ്ട്. 15.11.2021ലെ ഓഡിറ്റ് അന്വേഷണം 5-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. മാലൂർ ഗ്രാമ പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ സ്ഥാപനത്തിലെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം താഴെപറയും പ്രകാരമാണ്.

1) 100m2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 1373 എണ്ണം

2)100m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 124 എണ്ണം

3) 200m2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ : 17എണ്ണം

4)വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ : 3

5)അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റെർ, ഓഡിറ്റോറിയം, കല്ല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ : 2എണ്ണം

6) വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് : 93എണ്ണം

7) ഇതര വ്യവസായത്തിനുള്ളവ : 76എണ്ണം

ആകെ - 1688 എണ്ണം

മാലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 9250 സ്ഥാപനങ്ങൾക്ക് ആണ് കെട്ടിട നമ്പർ നല്കിയിരിക്കുന്നത്, ഇതിൽ വാണിജ്യാവശ്യങ്ങൾക്കായി 1688 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് വ്യക്തമാവുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ 2019-20വർഷം ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്റ്റിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചപ്പോൾ വാണിജ്യാവശ്യത്തിന് കെട്ടിട നമ്പർ അനുവദിച്ച 1688 കെട്ടിടങ്ങളിൽ 334 സ്ഥാപനങ്ങൾ മാത്രമെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളൂ, 2019-20 വർഷം 313 കെട്ടിടങ്ങൾ മാത്രമേ വാണിജ്യ ഉപയോഗങ്ങൾക്കായി പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുള്ളൂ. ബാക്കിയുള്ള 1375 കെട്ടിടങ്ങളിൽ ഏതുതരം സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമല്ല. വാണിജ്യാവശ്യങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതിന്റെ 19% കെട്ടിടങ്ങളിൽ മാത്രമാണ് ലൈസൻസ് അനുവദിച്ച് വ്യാപാര - വാണിജ്യ പ്രവർത്തനങ്ങൾ നടത്തുന്നത്. ബാക്കിയുള്ള 81% കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ നടത്താൻ സാധ്യതയുണ്ട്. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടത്തിനു മാത്രമല്ല പൊതുജനങ്ങളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകാനും സാധ്യതയേറെയാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി (നം,3/15.11.21) ലഭ്യമാക്കിയ മറുപടിയിൽ ഈ കാര്യത്തിന് വ്യക്തത വരുത്തിയിട്ടില്ല. വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

2. 2019-20 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട താഴെപ്പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ മാത്രം താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നമ്പർ /സംരഭം |
|---|---|---|
| 1. | പത്മ ഗണേഷ് | 7/432 ഹാർഡ് വെയർ |
| 2. | സിബിൻ ടി | 7/433 മൊബൈൽ ഷോപ്പ് |
| 3. | എം.കെ മായൻകുട്ടി | 7/434 ഫാൻസി |
| 4. | ശ്രീധരൻ നമ്പ്യാർ | 7/436 ബേക്കറി |
| 5. | ഷൈന | 7/338 ടൈലറിംഗ് |
| 6. | പ്രഭാകരൻ | 6/260 അനാദി |
| 7. | അസ്കർ | 6/301,302 ഫാൻസി |
| 8. | പ്രദീപൻ | 6/423 ടൈലറിംഗ് |
| 9. | പ്രകാശൻ | 6/373 ഹാർഡ് വെയർ |
| 10. | ചന്ദ്രൻ | 8/154 E ബാർബർ ഷോപ്പ് |

| | | |
|---|---|---|
| 11. | സുരേഷ് | 8/154 A B<br>സാധനങ്ങള് വാടകയ്ക്ക് കൊടുക്കുന്നത് |
| 12. | നരീക്കോടൻ കൃഷ്ണൻ | 8/37,28<br>സ്റ്റേഷണറി |
| 13. | രാജൻ | 9/238<br>ചായക്കട |
| 14. | സദാനന്ദൻ സി | 1/265<br>അലൂമിനിയം ഫാബ്രിക്കേഷൻ |
| 15. | അമ്പൂട്ടി | 2/100<br>പലചരക്ക് |
| 16. | ശ്രീജിത്ത് | 4/317<br>ലോട്ടറി സ്റ്റാൾ |
| 17. | ഷൈമ പുരുഷോത്തമൻ | 5/38 C<br>ഹാർഡ് വെയർസ് |
| 18. | മഹ്റൂഫ് | 15/41<br>മൊബൈൽ ഷോപ്പ് |
| 19. | സത്യൻ | 14/244<br>സ്റ്റേഷണറി |
| 20. | പി പി മാലതി | 12/166<br>ചായക്കട |
| 21. | കാര്യത്ത് രവീന്ദ്രൻ | 12/224<br>സ്റ്റേഷണറി |

മേൽപ്പറഞ്ഞവരിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യാത്തതിന്റെയും ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/15.11.21) ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിയ്ക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്.

## 1-14 വളർത്തു പട്ടികൾക്ക് ലൈസൻസ് ഫീസ് ചുമത്തിയിട്ടില്ല

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4(1)പ്രകാരം പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 4(6)പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് പത്ത് രൂപ

ഫീസ് സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ചട്ടം 5പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും പട്ടി, പന്നി എന്നിവ വളർത്തുന്നണ്ടെങ്കിൽ 250/-രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തിയ പേവിഷ നിർമാർജ്ജനം (9/2020) എന്ന പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ വെച്ച് 20.03.20, 21.03.20, 23.03.20 എന്നീ തീയതികളിൽ വളർത്തു പട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയിരുന്നു. പ്രതിരോധ കുത്തിവെപ്പ് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ 138 പട്ടികൾക്ക് കുത്തിവെപ്പ് നടത്തിയതായി ചേർത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പിഗ് &ഡോഗ് ലൈസൻസ് രജിസ്റ്റർ പ്രകാരം 21 വളർത്തു പട്ടികൾക്ക് മാത്രമേ ഫീസ് ചുമത്തിയിട്ടുള്ളൂ. ബാക്കിയുള്ള 117 പട്ടികൾക്ക് 1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/24.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള എല്ലാ വളർത്തു പട്ടികൾക്കും ഫീസ് ചുമത്തേണ്ടതും അല്ലെങ്കിൽ ചട്ടം 5പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയില്ല

1. എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ ,തൊഴിലിലോ,കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം 204ാം വകുപ്പ്, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2019-20 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു. 2019-20 വർഷത്തെ എഫ് ടി ഇ &ഒ എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ പേർ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപന ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം | കെട്ടിട നമ്പർ /സംരംഭം |
|---|---|---|---|
| 1 | അഖിൽ. വി. കെ | 3 | VI/317 A<br>വെൽഡിംഗ് ഷോപ്പ് |
| 2 | കെ. പി. റഫീഖ് | 3 | VIII/340,341<br>ഈർച്ചമിൽ |
| 3 | കെ. അബ്ദുൾ സലാം | 6 | IX/557,558<br>ബേക്കറി |
| 4 | ഷീജ. ടി | 5 | VI/605 A,B<br>മാവേലി സ്റ്റോർ |
| 6 | ഷീജ. എ.ടി | 6 | III/185 A<br>പ്രസ്സ് |
| 7 | സരിത. പി | 5 | III/153<br>ബേക്കറി |
| 8 | ഷിജിൻ. പി | 5 | VI/279<br>മണി ട്രാൻസ്ഫർ & ഓൺലൈൻ സർവ്വീസസ് |

| | | | |
|---|---|---|---|
| 9 | അഫ്റഫ്. ടി. എൻ | 4 | VI/279, 280<br>സ്റ്റേഷണറി |
| 10 | ശശീന്ദ്രൻ.പി | 4 | VI/472<br>കിടക്ക, റൂഫിംഗ് ഷീറ്റ് വില്പന |
| 11 | പ്രതീശൻ. എം | 3 | XIV/142<br>പാറക്കല്ല് കൊത്തുപണി |
| 12 | കടമേരി രാജൻ | 6 | XV/356<br>ഫാസ്റ്റ് ഫുഡ് |
| 13 | കട്ടേരി അഷ്റഫ് | 8 | I/331<br>ഫർണിച്ചർ നിർമാണം |
| 14 | പി. പി അബ്ദുള്ളക്കുട്ടി | 5 | I/263<br>ഈർച്ചമിൽ |
| 15 | നാണു രാജീവൻ | 12 | III/561<br>മെഡിക്കൽ ലാബ് |

2. 2019-20 വർഷം താഴെപ്പറയുന്നവർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

1) പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന സെന്റ് ജോസഫ് കോളജ് ഓഫ് എഞ്ചിനീയറിംഗ് എന്ന സ്ഥാപനത്തിലെ അസിസ്റ്റന്റ് പ്രൊഫസർമാരായ ദിവ്യ രാജൻ, മനു പി രാജ, സഗില ഗംഗാധരൻ എന്നവരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

2) 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3) ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

4) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ, വിവിധ ആവശ്യങ്ങൾക്കു നിയമിച്ച ഡ്രൈവർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5)അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

6) ഗ്രാമ പഞ്ചായത്ത് 2019-20 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

7) ശിവപുരം ഇലക്ട്രിക്കൽ സെന്ററിലെ സുജിത്ത്.എസ്. കെ(AE), ശ്രീകുമാർ. പി.എസ് (SS) എന്നിവരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

8) സൗദ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

9) തില്ലങ്കേരി വനിത സഹകരണ സംഘത്തിലെ സീനിയർ ക്ലർക്ക് മിനി. കെ, അറ്റൻഡർ റീത്ത. കെ എന്നിവരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

10.ബി എസ് എൻ എൽ, മാലൂരിലെ ഓഫീസ് സൂപ്രണ്ടായ സി. ജെ. സെബാസ്റ്റ്യൻ, ടെലകോം ടെക്നീഷ്യനായ ഭാസ്കരൻ എന്നിവരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല.

3. 2019-20 അർദ്ധവർഷം 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്യുകയും മറ്റ് ഓഫീസുകളിലേയ്ക്ക് സ്ഥലംമാറി പോകുകയും ചെയ്ത ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | ജോലി ചെയ്തിരുന്ന ഓഫീസ് | സ്ഥലംമാറി പോയ തീയതി |
|---|---|---|---|
| 1 | അശോകൻ(ജി.എസ്.ഐ) | മാലൂർ പോലീസ് സ്റ്റേഷൻ | 08-08-2019 |
| 2 | ദിനേശൻ(സി.പി.ഒ) | മാലൂർ പോലീസ് സ്റ്റേഷൻ | 11.06.2019 |
| 3 | രഞ്ജിത്ത്(സി.പി.ഒ) | മാലൂർ പോലീസ് സ്റ്റേഷൻ | 25.06.2019 |
| 4 | അനീഷ്.എം. സി(ക്ലർക്ക്) | ഗവ ഹയർസെക്കന്ററി സ്കൂൾ, മാലൂർ | 13.06.2019 |
| 5 | പ്രദീപ് പൊന്നമ്പത്ത്(HM) | ഗവ ഹയർസെക്കന്ററി സ്കൂൾ, മാലൂർ | 07.06.2019 |
| 6 | സരസ്വതി. എം. വി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 7 | ശ്രീകുമാർ എം(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 8 | സുമ എ കെ(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 9 | നദീറ പി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 07.06.2019 |
| 10 | ഇന്ദിര ഇ പി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 07.06.2019 |
| 11 | ജിൻസ ടി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 12 | ഷീന പുതിയടത്ത്(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 13 | ത്രിവേണി പി വി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 14 | രോഷ്ന ചെക്കിന്റകത്ത്(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 03.06.2019 |
| 15 | ഷാഹിന പി പി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 27.06.2019 |
| 16 | ശശീന്ദ്രൻ കെ പി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 27.06.2019 |

| | | | |
|---|---|---|---|
| 17 | നിവ്യ പി പി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഗവ എൽ പി സ്കൂൾ ശിവപുരം | 27.06.2019 |
| 18 | വിനോദൻ പി കെ(അറ്റൻഡർ) | സിണ്ടിക്കേറ്റ് ബാങ്ക് മാലൂർ | 07.07.2019 |
| 19 | ജോബിൻ എം സി(ബ്രാഞ്ച് മാനേജർ) | സിണ്ടിക്കേറ്റ് ബാങ്ക് മാലൂർ | 07.06.2019 |
| 20 | പ്രകാശൻ പള്ളിപ്പവൻ(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഇലക്ട്രിക്കൽ സെക്ഷൻ, ശിവപുരം | 7/19 |
| 21 | സജി എം സി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഇലക്ട്രിക്കൽ സെക്ഷൻ, ശിവപുരം | 6/19 |
| 22 | സജീവൻ കാട്ടാമ്പള്ളി(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഇലക്ട്രിക്കൽ സെക്ഷൻ, ശിവപുരം | 6/19 |
| 23 | രഞ്ജിത്ത് ബാബു കെ(തസ്തിക രേഖപ്പെടുത്തിയിട്ടില്ല). | ഇലക്ട്രിക്കൽ സെക്ഷൻ, ശിവപുരം | 6/19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എന്ക്വയറിക്ക് (നം.4/15.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-16 ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല.

1. 1996 കേരള പഞ്ചായത്തിരാജ് നിയമം (ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റെർപ്രണർ ഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ്) ചട്ടം 3 ലെ ഒന്നാം പട്ടികയിലെ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിനും 143 പ്രകാരം സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾലാബുകൾ മുതലായവയുടെ നടത്തിപ്പിനും ലൈസൻസ് എടുക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ എഫ്.ടി.ഇ. & ഒ.എസ് ലൈസൻസെടുത്തിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 1/473, 474 | ഡോ അമ്പിളി. വി. പി,<br>ആയുർവ്വേദ ചികിത്സയും മരുന്ന് വില്പനയും |
| 2. | 4/209 | സായൂജ്. എ. കെ,<br>ഏയ്ഞ്ചൽ മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ കെയർ സെന്റർ |
| 3. | 6/120 E F | നിഷ. എൻ<br>സൂര്യ മെഡിക്കൽ ലാബ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി അറിയിക്കേണ്ടതാണ്.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുയുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും

രജിസ്ട്രേഷൻ ) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാട്ടുള്ളതല്ല. കൂടാതെ ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ 2018-19 രജിസ്റ്റർ ചെയ്തിട്ടുള്ള താഴെപ്പറയുന്ന സ്വകാര്യ ആശുപത്രി/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2019-20 രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിടനമ്പർ | ഉടമസ്ഥന്റെ പേര്/സ്ഥാപനം |
|---|---|---|
| 1. | 3/243 | ഡോ ഷമൽ. എം, ഹൃദയ ക്ലിനിക്ക് |
| 2. | 1/473,474 | ഡോ അമ്പിളി. വി. പി, ആയുർവ്വേദ ചികിത്സയും മരുന്ന് വില്പനയും |
| 3. | ലഭ്യമല്ല | ഡോ മുബഷീറ. വി, മെഡിക്കൽ സെന്റർ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/16.11.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വാടക കുടിശ്ശിക, പിഴ പലിശ എന്നിവ ഈടാക്കിയില്ല

1. 2019-20 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർത്ത മുറികളുടെ വാടകയിനത്തിൽ കുടിശ്ശിക ഉള്ളതായി കാണാൻ സാധിച്ചു.പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന മുറികളുടെ വാടക ഒടുക്കുന്നത് വൈകുന്ന സാഹചര്യങ്ങളിൽ പിഴ പലിശ (Penal Interest) ഈടാക്കി വരുന്നുണ്ട് . വാടക ഒടുക്കുന്നതിന് ഒരു മാസം വൈകിയാൽ വാടകയുടെ 2 ശതമാനവും, തുടർന്നുള്ള ഓരോ മാസങ്ങളിലും വാടകയുടെ 4%, 6% എന്നിങ്ങനെ തുടർന്നു പോകുന്ന രീതിയിലാണ് പിഴ പലിശ ഈടാക്കി വരുന്നത്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന വാടകക്കാരിൽ നിന്ന് 2019-20 വർഷത്തിൽ പിഴ പലിശ ഈടാക്കിയിട്ടില്ല. മാർച്ച് മാസത്തെ വാടക ഈടാക്കിയതായി കാണുന്നില്ല. മറ്റ് മാസങ്ങളിൽ പ്രതിമാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായും കാണാൻ സാധിച്ചു.

| V/551 B, ഡിപ്പോ മാനേജർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ നം. | പ്രതി മാസ വാടക (രജിസ്റ്റർ പ്രകാരം) | ഈടാക്കേണ്ട മാസം | ജി എസ് ടി | രശീതി നം. തിയ്യതി | ഈടാക്കിയത് | ഈടാക്കേണ്ടത് (യഥാർത്ഥ വാടക + GST) | കുറവ് |
| 1 | 1379 | ഏപ്രിൽ | 248 | 119040400002/10.05.19 | 1250 | 1627 | 377 |
| 2 | 1379 | മെയ് | 248 | 119040400003/22.06.19 | 1250 | 1627 | 377 |
| 3 | 1379 | ജൂൺ | 248 | 119040400006/06.08.19 | 1250 | 1627 | 377 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 1379 | ജൂലായ് | 248 | 119040400011/30.08.19 | 1250 | 1627 | 377 |
| 5 | 1379 | ആഗസ്റ്റ് | 248 | 119040400016/24.09.19 | 1250 | 1627 | 377 |
| 6 | 1379 | സെപ്റ്റംബർ | 248 | 119040400014/08.11.19 | 1250 | 1627 | 377 |
| 7 | 1379 | ഒക്ടോബർ | 248 | 119040400016/22.11.19 | 1250 | 1627 | 377 |
| 8 | 1379 | നവംബർ | 248 | 119040400019/24.12.19 | 1250 | 1627 | 377 |
| 9 | 1379 | ഡിസംബർ | 248 | 11904040021/21.01.20 | 1250 | 1627 | 377 |
| 10 | 1379 | ജനവരി | 248 | 119040400027/22.02.20 | 1250 | 1627 | 377 |
| 11 | 1379 | ഫെബ്രുവരി | 248 | 119040400024/12.03.20 | 1250 | 1627 | 377 |
| 12 | 1379 | മാർച്ച് | 248 | ഈടാക്കിയിട്ടില്ല | 0 | 1627 | 1627 |

V/551 C, ഡിപ്പോ മാനേജർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ

| ക്രമ നം. | പ്രതി മാസ വാടക (രജിസ്റ്റർ പ്രകാരം) | ഈടാ ക്കേണ്ട മാസം | ജി എസ് ടി | രശീതി നം. തിയ്യതി | ഈടാ ക്കിയത് | ഈടാക്കേ ണ്ടത് (യഥാർത്ഥ വാടക + GST) | കുറവ് |
|---|---|---|---|---|---|---|---|
| 1 | 551 | ഏപ്രിൽ | 99 | 119040400001/10.05.19 | 500 | 650 | 150 |
| 2 | 551 | മെയ് | 99 | 119040400004/22.06.19 | 500 | 650 | 150 |
| 3 | 551 | ജൂൺ | 99 | 119040400005/06.08.19 | 500 | 650 | 150 |
| 4 | 551 | ജൂലായ് | 99 | 119040400012/30.08.19 | 500 | 650 | 150 |
| 5 | 551 | ആഗസ്റ്റ് | 99 | 119040400017/24.09.19 | 500 | 650 | 150 |
| 6 | 551 | സെപ്റ്റംബർ | 99 | 119040400015/08.11.19 | 500 | 650 | 150 |
| 7 | 551 | ഒക്ടോബർ | 99 | 119040400017/22.11.19 | 500 | 650 | 150 |
| 8 | 551 | നവംബർ | 99 | 119040400018/24.12.19 | 500 | 650 | 150 |
| 9 | 551 | ഡിസംബർ | 99 | 11904040020/21.01.20 | 500 | 650 | 150 |
| 10 | 551 | ജനവരി | 99 | 119040400026/22.02.20 | 500 | 650 | 150 |
| 11 | 551 | ഫെബ്രുവരി | 99 | 119040400023/12.03.20 | 500 | 650 | 150 |
| 12 | 551 | മാർച്ച് | 99 | ഈടാക്കിയിട്ടില്ല | 0 | 650 | 650 |

മുകളിൽ കൊടുത്ത പട്ടികയിൽ ഈടാക്കേണ്ട പിഴപ്പലിശ കണക്കാക്കിയിട്ടില്ല. ആയത് കൂടി കണക്കാക്കി കുറവ് വന്ന തുക മുഴുവനായും പിരിച്ചെടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മേല്പറഞ്ഞ മുറികൾ നിയമപ്രകാരമുള്ള കരാർ ചമച്ചത് ഹാജരാക്കിയിട്ടില്ല. മുറി ലഭിക്കുന്ന ആൾക്ക് എത്ര വർഷത്തിന് ശേഷം ഏത് നിരക്കിലാണ് പ്രതിമാസ വാടക അധികം നിശ്ചയിച്ച് വാടക പുനർ നിർണ്ണയിക്കുന്നത് എന്നത് വ്യക്തമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23.11.21) ലഭ്യമാക്കിയ മറുപടിയിൽ വാടക കുടിശ്ശിക, പിഴ പലിശ എന്നിവ ഈടാക്കി അറിയിക്കുന്നതാണെന്ന് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

2. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 256 പ്രകാരം ഈ നിയമത്തിലേയും മറ്റേതെങ്കിലും നിയമത്തിലേയും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്തിന് അവരുടെ കാര്യങ്ങൾ നിറവേറ്റാൻ സർക്കാർ അംഗീകാരത്തോടു കൂടി ബൈലോകൾ ഉണ്ടാക്കേണ്ടതാണ്. കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് നിലവിൽ ഇതുവരെ ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് പുഷ്പകൃഷി- രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 43500 രൂപ തടസ്സപ്പെടുത്തുന്നു .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ /പേര് | 26/19-20കുടുംബശ്രീ ജെ എൽ ജി ഗ്രൂപ്പിന് പുഷ്പകൃഷി |
| അടങ്കൽ | 43500(വികസന ഫണ്ട്)<br>14500(ഗുണഭോക്തൃ വിഹിതം) |
| ആകെ അടങ്കൽ | 58000 |
| ചെലവ് | 58000 |
| ബിൽ നമ്പർ | 6/19-20, 16.12.19 ₹43500<br>ചെക്ക് നമ്പർ 42326, 4.5.2020 ₹14500 |

35 വനിത ഗ്രൂപ്പുകൾക്ക് പുഷ്പകൃഷി ചെയ്യാനാവശ്യമായ തൈകൾ 75% സബ്സിഡിയിൽ വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത് . ഇതു പ്രകാരം 6450 വാടാമല്ലി തൈകളും 5150 ചെണ്ടുമല്ലി തൈകളും തൈ ഒന്നിന് 5 രൂപ നിരക്കിൽ പാലയാട് സ്റ്റേറ്റ് കോക്കനട്ട് നഴ്സറിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ-CNP-404 /19-20, 6.5.19 ) .

അപാകങ്ങൾ ചുവടെ ചേർക്കുന്നു .

1. പദ്ധതി പ്രകാരം എത്ര വനിത ഗ്രൂപ്പുകൾക്കാണ് ആനുകൂല്യം നൽകിയത് എന്ന് വ്യക്തമല്ല . സ്റ്റോക്ക് രജിസ്റ്ററിൽ ലഭിച്ച തൈകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതെല്ലാം ഗ്രൂപ്പുകൾക്ക് എത്ര തൈകൾ വീതം വിതരണം ചെയ്തു എന്നത് സംബന്ധിച്ച വിവരം വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ല .

2.സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തികൾക്ക് ഗ്രാമ പഞ്ചായത്തും ഗ്രൂപ്പുകൾക്ക് ബ്ലോക്ക് പഞ്ചായത്തും നൽകാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ ഗ്രൂപ്പുകൾക്കാണ് അനുവദിച്ചിട്ടുള്ളത്. മാർഗ്ഗരേഖയിലെ വ്യവസ്ഥ പാലിച്ചിട്ടില്ല .

3. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല .

മേൽ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ( 26/24.11.21) എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല . രേഖകളുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 43500 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ് .

## 1-19 നാടൻ വാഴക്കന്ന് വിതരണം - വിതരണ രേഖകളുടെ അഭാവത്തിൽ 81000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്റ്റ് നമ്പർ /പേര് | 53/19-20 നാടൻ വാഴക്കന്ന് വിതരണം |
| അടങ്കൽ | 59450(വികസന ഫണ്ട്)<br>21550(തനത് ഫണ്ട്) |
| ആകെ അടങ്കൽ | 81000 |
| ചെലവ് | 81000 |
| ബിൽ നമ്പർ | 4/19-20, 16.12.19 ₹59450<br>ചെക്ക് നമ്പർ - 10477,4.11.19 ₹21550 |

1500 കുടുംബങ്ങൾക്ക് ഗുണമേന്മയുള്ള നാടൻ വാഴക്കന്ന് വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. മേൽ പദ്ധതിക്കുവേണ്ടി VFPCKയിൽ നിന്നും ഞാലിപ്പൂവൻ വാഴക്കന്ന് ഒന്നിന് 18 /- രൂപ നിരക്കിൽ 4500 എണ്ണം വാങ്ങിയിട്ടുണ്ട് (ഇൻവോയ്സ് നമ്പർ . VFPCK/KGD-KBK/ 033 ,28.9.19 ) സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും ഹാജരാക്കിയ വിതരണ രജിസ്റ്ററിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ യാതൊരു വിവരവും രേഖപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വാഴക്കന്നുകൾ വിതരണം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 26/24.11.21)ത്തിന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 81000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു . രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ /പേര് | 08/2020(പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി) |
| അടങ്കൽ | 2,50,000(വികസന ഫണ്ട്)<br>2,50,000 (സംസ്ഥാനാവിഷ്കൃത )<br>5,00,000(ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കൽ) |

| | |
|---|---|
| ആകെ അടങ്കൽ | 10,00,000 |
| ചെലവ് | 2,50,000 |
| ബിൽ നമ്പർ ,തീയതി | പി1/2019-20,13.11.19 ₹2,50,000 |

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 40 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി 6250 രൂപ നിരക്കിൽ 2,50,000 രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട് (A/C-71901140000003). പദ്ധതിയുടെ ഭാഗമായി കാലിതീറ്റ വിതരണം ചെയ്യുന്നത് മാലൂർ ക്ഷീരോൽപാദക സഹകരണ സംഘം മുഖേനയാണ്. എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (3 / 19-20, 12.11.21) സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്രം പ്രകാരം 16136 രൂപ പദ്ധതി വിഹിതത്തിൽ അവശേഷിക്കുന്നുണ്ട്. പദ്ധതി അവസാനിക്കുന്ന മുറക്ക് മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

1-21 മെഡിക്കൽ ഓഫീസർ (പി എച്ച് സി ) - 2471 രൂപക്കുള്ള ഉപകരണങ്ങൾ ലഭിച്ചിട്ടില്ല .

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി ) |
| പ്രൊജക്ട് നമ്പർ /പേര് | 29/19-20; ദീർഘകാല രോഗികളുടെയും മാറാരോഗികളുടെയും ഗൃഹപരിചരണത്തിനുള്ള ഹോംകെയർ സംവിധാനം |
| അടങ്കൽ | 700000 (വികസന ഫണ്ട് )<br>100000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>100000( ജില്ലാ പഞ്ചായത്ത് വിഹിതം)<br>അകെ അടങ്കൽ – 900000 |
| ചെലവ് | 522247 (വികസന ഫണ്ട് )<br>100000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>100000( ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ ചെലവ് – 722247 |
| ബിൽ നമ്പർ,തീയതി | 1)4/19-20,6.7.19₹60256<br>2)10/29.8.19₹56000<br>3)20യ31.03.2020₹96800<br>4)ചെക്ക്നമ്പർ1351780,14.02.20<br>₹100000 |

| | |
|---|---|
| | 5)19/19-20,13.2.20₹32591<br>6)18/19-20,13.3.20₹150000<br>7)17/19-20,13.2.20₹100000<br>18)6/19-20,31.1.20₹43200<br>9)12/19-20,12.11.19₹83400 |

മേൽ പ്രൊജക്ട് പ്രകാരം കിടപ്പ് രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ പ്രഫോർമ ഇൻവോയ്സ് നമ്പർ 2414/15.11.19പ്രകാരം വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ₹ 1,32,591 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ താഴെ കൊടുത്ത ഇൻവോയ്സുകൾ പ്രകാരം ₹1,30,120 രൂപയുടെ ഉപകരണങ്ങൾ ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 25,തീയതി 19-11-21) മറുപടിയിൽ 2471 രൂപക്കുള്ള ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സ് ഹാജരാക്കുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട് .

| ഇൻവോയ്സ് നമ്പർ,തീയതി | തുക |
|---|---|
| 6925,15.9.20 | 45734 |
| 8676,5,12.20 | 13923 |
| 29369,8.1.21 | 55327 |
| 4286,30.7.21 | 1411 |
| 5093,12.8.21 | 10276 |
| 7080,7.10.21 | 3449 |
| ആകെ | 130120 |

ഉപകരണങ്ങൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ് .

## 1-22 മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് |
| പ്രൊജക്ട് നമ്പർ /പേര് | 17/19-20 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 350000(വികസന ഫണ്ട്)<br>175000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം ) |

| | |
|---|---|
| | 175000(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ അടങ്കൽ | 700000 |
| ചെലവ് | 700000 |
| ബിൽ നമ്പർ<br>ചെക്ക് | 3/19-20,14.10.19,₹221900<br>6/19-20, 15.02.2020 ₹128100<br>7/19-20,27.02.2020 ₹175000<br>നമ്പർ-3074504,24.3.20₹175000 |

മേൽ പ്രൊജക്ട് പ്രകാരം ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 2019-20 വർഷം 700000 രൂപ ചെലവഴിച്ചിട്ടുണ്ട്.മാനസികവെല്ലുവിളി നേരിടുന്ന ഒരു കുട്ടിയ്ക്ക് 23415 രൂപ വീതമാണ് സ്കോളർഷിപ്പ് നല്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖണ്ഡിക 7.1.6(ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 28500രൂപ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാത്തതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/ 16.11.21) ഫണ്ടിന്റെ ലഭ്യതക്കുറവ് കൊണ്ടാണ് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് തുക നൽകാൻ സാധിക്കാതെ പോയതെന്നും ഭാവിയിൽ സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുവാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിരിക്കുന്നു. സർക്കാർ മാർഗ്ഗരേഖയിൽ പ്രതിപാദിച്ച നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-23 കുടുംബശ്രീ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് -മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ /പേര് | 71/2020 നിലവിലുള്ള കുടുംബശ്രീ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ | 2,00,000 |
| ചെലവ് | 2,00,000 |
| ബിൽ നമ്പർ | 9/2019-20,25.02.2020 |

കുടുംബശ്രീ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും ഗ്രേഡിംഗ് കഴിഞ്ഞ സംരംഭങ്ങളെ സഹായിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും വേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം തേജസ് ഫ്ലോർ മിൽ, സൗപർണിക ലേഡീസ് ടെയിലറിംഗ് & ഗാർമെന്റ്സ്, അമ്മൂസ് ലേഡീസ് ടെയിലറിംഗ് എന്നീ 3 കുടുംബശ്രീ ഗ്രൂപ്പ് സംരംഭങ്ങൾക്കും ഒരു വ്യക്തിഗത സംരംഭമായ തേജസ് ഗാർമെന്റ്സ് എന്നിവയ്ക്കും 50000 രൂപ വീതം ആകെ 200000 രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ബിൽ പ്രകാരം മാറിയ തുക സംരംഭകരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുമ്പോൾ പാലിക്കേണ്ടതായ വ്യവസ്ഥകൾ പാലിച്ചിട്ടില്ല .

1. റിവോൾവിംഗ് ഫണ്ട് അനുവദിച്ച് മൂന്ന് മാസത്തിന് ശേഷം പ്രതിമാസ തവണകളായി തിരിച്ചടക്കേണ്ടതാണ് എന്നാൽ തുക തിരിച്ചടച്ചിട്ടില്ല .

2.ആദ്യത്തെ 9 മാസം ഇഎംഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് 4 വർഷത്തിനകം പൂർത്തിയാക്കുന്ന തരത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ ക്രമീകരിച്ച് നൽകേണ്ടതാണ്. എന്നാൽ തിരിച്ചടവിന്റെ തുക ക്രമീകരിച്ച് നൽകിയിട്ടില്ല

3.റിവോൾവിംഗ് ഫണ്ട് തവണ തുക തിരിച്ചടക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള റിവോൾവിംഗ് ഫണ്ട് റീപ്പേമെന്റ് ബേങ്ക് അക്കൗണ്ടിലേക്കാണ്. എന്നാൽ റീപ്പേമെന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല .

4.റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

മേൽ കാണിച്ചിട്ടുള്ള അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17 /16.11.21) റിവോൾവിംഗ് ഫണ്ട് തവണകളായി തിരിച്ചടക്കാനാവശ്യമായ നിർദ്ദേശങ്ങൾ സംരംഭ ഗ്രൂപ്പുകൾക്ക് നൽകുന്നതാണ് എന്നാണ് അസിസ്റ്റന്റ് സെക്രട്ടറി മറുപടിയിൽ അറിയിച്ചിരിക്കുന്നത് .പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

റിവോൾവിംഗ് ഫണ്ട് തവണകളായി തിരിച്ചടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതും തിരിച്ചടവിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതുമാണ്.

## 1-24 ലൈഫ് മിഷൻ - ബ്ലോക്ക്, ജില്ലാതല കുടുംബസംഗമങ്ങൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ലൈഫ് മിഷൻ കുടുംബസംഗമങ്ങൾക്കായി മാലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വൗച്ചർ നമ്പർ 21900823, തീയതി 16-01-2020 പ്രകാരം ₹ 20,000 ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും വൗച്ചർ നമ്പർ 21800863, തീയതി 23-01-2020 പ്രകാരം ₹ 5,000 ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും വിഹിതം നല്കിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗ വിവരം ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 എസ്.എസ്.എ. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 1/20, എസ്.എസ്.എ. വിഹിതം നൽകൽ |
| അടങ്കൽ | ₹ 10,28,940 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 10,28,940, ബിൽ നമ്പർ 6/19-20, തീയതി 09-08-2019 |

എസ്.എസ്.എ പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹ 10,28,940 പിൻവലിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 1139101070109, കനറ ബാങ്ക്) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട് എന്ന സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടു ണ്ടെങ്കിലും ആന്വൽ വർക്ക് പ്ലാനും ബജറ്റും അനുസരിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ അനുവദിക്കുന്ന വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (9/19-20, 15-11-2021) മറുപടിയോടൊപ്പം 2019-20 വർഷം ആകെ ഒടുക്കേണ്ട പഞ്ചായത്ത് വിഹിതത്തിന്റെ വർക്ക്പ്ലാൻ ആണ് സമർപ്പിച്ചിട്ടുള്ളത്. മേൽ ബിൽ പ്രകാരം ഒടുക്കിയ തുകയുടെ ആന്വൽ വർക്ക് പ്ലാനും ബജറ്റും അനുസരിച്ച് എസ്.എസ്.എ ജില്ലാ പ്രൊജക്ട് ഓഫീസർ അനുവദിക്കുന്ന വിശദമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 സമഗ്ര വിദ്യാഭ്യാസ പരിപാടി- രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹ 30,000 തടസ്സപ്പെ ടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ, പേര് | 90/20, സമഗ്ര വിദ്യാഭ്യാസ പരിപാടി |
| അടങ്കൽ | ₹ 1,00,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹30,000 BRN നമ്പർ 19220452005601274417, തീ. 14-02-2020 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ കുട്ടികളുടെ കലാപരവും കായകപരവുമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പരിപാടി എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കുട്ടികളിലെ കലാപരമായ കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക, വായനാശീലം വർദ്ധിപ്പിക്കുന്നതിന് പത്രം നല്കുക, കായികക്ഷമത ഉണ്ടാക്കുന്നതിന് പരിശീലനം നല്കുക, ആധുനിക സാങ്കേതിക വിദ്യയിലുള്ള അറിവ് വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനാണ് ₹ 1,00,000 അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ കായികക്ഷമത ഉണ്ടാക്കുന്നതിന് വോളിബോൾ പരിശീലനം നല്കുക എന്ന പരിപാടി മാത്രമേ തൻവർഷം നടപ്പിലാക്കിയിട്ടുള്ളൂ. പദ്ധതിയിൽ 11 സ്കൂളുകളിൽ കായികപരിശീലനം നല്കിയ വകയിൽ 60 ദിവസത്തേക്ക് ₹500 പ്രകാരം ₹30,000 പിൻവലിച്ച് ശ്രീ. സഹജൻ എൻ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 42452030000214, സിന്റിക്കേറ്റ് ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ശ്രീ. സഹജനെ പരിശീലകനായി നിയമിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. 7 സ്കൂളുകളിലെ പ്രധാന അധ്യാപകർ തങ്ങളുടെ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ശ്രീ. സഹജൻ എൻ കായിക പരിശീലനം നല്കിയിട്ടുണ്ടെന്ന് സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ഓരോ സ്കൂളിലെയും പരിശീലനത്തിന് തെരഞ്ഞെടുത്ത കുട്ടികളുടെ വിവരം, 60 ദിവസത്തെ പരിശീലന പരിപാടിയുടെ ഹാജർ, പരിപാടിയുടെ ഫോട്ടോകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. 60 ദിവസത്തേക്ക് ₹500 പ്രകാരം ₹30,000 പരിശീലകന് പ്രതിഫലം നല്കിയിട്ടുണ്ട്. എന്നാൽ 7 സ്കൂളുകളിലെ പ്രധാന അധ്യാപകർ ഹാജരാക്കിയ സാക്ഷ്യപത്രങ്ങൾ പ്രകാരം 47 ദിവസങ്ങളിൽ മാത്രമാണ് പരിശീലനം നടന്നിട്ടുള്ളത് (ഗവ. എൽ.പി. സ്കൂൾ മുതുകുറ്റിപൊയിൽ -6 ദിവസം, പനമ്പറ്റ ന്യൂ യു.പി. സ്കൂൾ - 7 ദിവസം, കുണ്ടേരിപ്പൊയിൽ ന്യൂ എൽ.പി. സ്കൂൾ - 6 ദിവസം, തോലമ്പ്ര യു.പി. സ്കൂൾ - 8 ദിവസം, കോളാരി എൽ.പി. സ്കൂൾ - 7 ദിവസം, ഗവ. എൽ.പി. സ്കൂൾ പൂവംപൊയിൽ - 6 ദിവസം, ഗവ. എൽ.പി. സ്കൂൾ ശിവപുരം - 7 ദിവസം).

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(10/17-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹ 30,000 തടസ്സപ്പെടുത്തുന്നു.

## 1-27 സ്മാർട്ട് ക്ലാസ്സ് റൂം, ഒന്നാം ക്ലാസ്സ് ഒന്നാംതരം (സ്പിൽ ഓവർ) - രേഖകൾ ഹാജരാക്കിയില്ല. ₹ 49,900 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 172/20, സ്മാർട്ട് ക്ലാസ്സ് റൂം, ഒന്നാം ക്ലാസ്സ് ഒന്നാംതരം (സ്പിൽ ഓവർ) |
| അടങ്കൽ<br>ആകെ | ₹ 1,29,454 (തനത് ഫണ്ട്)<br>₹ 15,800 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>₹ 1,45,254 |
| ചെലവ് | ₹ 49,900 വൗച്ചർ നമ്പർ 21900992, തീ. 25-02-2020 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥ നായ സ്മാർട്ട് ക്ലാസ്സ് റൂം, ഒന്നാം ക്ലാസ്സ് ഒന്നാംതരം (സ്പിൽ ഓവർ) എന്ന പ്രോജക്ടിൽ ക്ലാസ്സ് റൂമിൽ എ.സി സ്ഥാപിക്കുന്നതിന്

ലഭ്യമായ ശ്രീ. ജനീവൻ, ഗ്ലോബൽ അസോസിയേറ്റ്സ് എന്നവരുടെ ടെണ്ടർ അംഗീകരിച്ച് എ.സി വാങ്ങിയിട്ടുണ്ട്. പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

പദ്ധതി പ്രകാരം എ.സി സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് വിഭാഗം സ്പെസിഫിക്കേഷനും പ്രവർത്തനക്ഷമതയും പരിശോധിച്ചതിന്റെ റിപ്പോർട്ടും സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ (ഓഡിറ്റ് അന്വേഷണം നമ്പർ 21/18-11-2019) ചെലവുതുക ₹ 49,900 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-28 ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 50,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 110/20, ഗവ. എൽ.പി സ്കൂൾ ഹൈടെക് ആക്കി മാറ്റൽ |
| അടങ്കൽ<br>ആകെ | ₹ 1,70,000 (വികസന ഫണ്ട്, ജനറൽ)<br>₹ 50,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>₹ 2,20,000 |
| ചെലവ് | ₹ 50,000 വൗച്ചർ നമ്പർ 21900991, തീ. 25-02-2020 |

ഗവ. എൽ.പി സ്കൂളുകൾ ഹൈടെക് ആക്കി മാറ്റൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ബെഞ്ച്, ഡെസ്ക്, കമ്പ്യൂട്ടർ ടേബിളുകൾ എന്നിവ വാങ്ങുന്നതിന് ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേലങ്ങാടി ടിമ്പേഴ്സ്, കവനൂർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ 16-02-2020-ലെ 82-ാം നമ്പർ ഇൻവോയ്സ് പ്രകാരം 40 ബെഞ്ച്, 28 ഡെസ്ക്, 4 കമ്പ്യൂട്ടർ ടേബിൾ എന്നിവ വാങ്ങയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.
അപാകങ്ങൾക്ക് മറുപടി/ വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവുതുക ₹ 50,000 തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 അക്ഷരലക്ഷം - രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹ 10346 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 76/20, അക്ഷരലക്ഷം |
| അടങ്കൽ | ₹ 25,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 10346, ബിൽ നമ്പർ 2 /19-20, തീ. 05-02-2020 |

അക്ഷരലക്ഷം വഴി 16 നും 75 നും ഇടയിൽ പ്രായമുള്ള അക്ഷരജ്ഞാനം ഇല്ലാത്തവർക്ക് അക്ഷരജ്ഞാനം നേടിക്കൊടുക്കുന്നതിനുള്ള പ്രൊജക്ടാണിത്. സർവ്വേ നടത്തി പഠിതാക്കളെ കണ്ടെത്തുന്നതിനും അവർക്ക് ആവശ്യമായ പഠന സാമഗ്രികൾ നല്കി ക്ലാസ്സ് എടുത്തു കൊടുക്കുന്നതിനും വിജയികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിനുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

സർവ്വേ നടത്തിയതിനും പഠന സാമഗ്രികൾ നല്കി ക്ലാസ്സ് എടുത്തു കൊടുത്തതിനും പ്രതിഫലം നല്കുന്നതിനുള്ള വൗച്ചറുകൾ മാത്രമാണ് മേല്പറഞ്ഞ ചെലവുതുകയ്ക്ക് അടിസ്ഥാനമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. സർവ്വേ നടത്തിയതിന്റെയും പഠിതാക്കളെ കണ്ടെത്തിയതിന്റെയും ക്ലാസ്സുകളിൽ വിജയികളായവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.(കൈ)11/2018/തസ്വഭവ തീ. 29.01.2018 പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)

22/2018/തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ എന്നിവയിൽ ഇത്തരം പ്രോജക്ടുകളെപ്പറ്റി പരാമർശിച്ചിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(20/18-11-2019)

മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിലും മാർഗ്ഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പ്രോജക്ട് നടപ്പിലാക്കിയതിനാലും ചെലവു തുക ₹ 10346 തടസ്സപ്പെടുത്തുന്നു.

## 1-30 കേരളോത്സവം - ചെലവുരേഖകൾ ഹാജരാക്കിയില്ല. ₹5000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 97/20, കേരളോത്സവം |
| അടങ്കൽ | ₹ 55,000 (തനത് ഫണ്ട്)<br>₹ 20,000 (യുവജനക്ഷേമ ബോർഡ്) |
| ആകെ | ₹75,000 |
| ചെലവ് | ₹49700<br>₹ 29,700 വൗച്ചർ നമ്പർ 21900985, തീ. 24-02-2020<br>₹ 20,000വൗച്ചർ നമ്പർ 21900986, തീ. 24-02-2020 |

മാലൂർ ഗ്രാമ പഞ്ചായത്തിൽ മാർച്ച് 3 മുതൽ 10 വരെ നടന്ന 2019-20 വർഷത്തെ കേരളോത്സവത്തിന്റെ നടത്തിപ്പിനായി ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

യുവജനക്ഷേമ ബോർഡ് ഫണ്ടിനത്തിൽ ആകെ ₹ 20,000യുടെ ചെലവുണ്ടെങ്കിലും ₹ 15,000 യുടെ ചെലവുരേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. മേല്പട്ടികയിൽ കാണിച്ച ചെലവുതുകകൾ ശ്രീ.മനോജ്കുമാർ കെ എന്ന വ്യക്തിയുടെ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടിയാൾ ആരാണെന്ന് ഫയലിൽ നിന്ന് വ്യക്തമാകുന്നില്ല. കേരളോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് സംഘാടക സമിതി രൂപീകരിച്ചതിന്റെയോ തുക ചെലവഴിക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ബാക്കിയുള്ള ₹ 5,000 ചെലവഴിച്ചതിന്റെയും കേരളോത്സവത്തോടനുബന്ധിച്ച് വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും രേഖകളും പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 11/17.11.2021). ചെലവ് രേഖകളുടെ അഭാവത്തിൽ തുക ₹ 5000 തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററും മോണിറ്ററിംഗ് റിപ്പോർട്ടും സംഘാടക സമിതി രൂപീകരിച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 തുടർ സാക്ഷരത- രേഖകൾ ഹാജരാക്കിയില്ല. ചെലവുതുക ₹8,916 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 78/20, തുടർ സാക്ഷരത 4,7,10,11 തുല്യത |
| അടങ്കൽ | ₹ 75,000 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹8,916<br>₹ 2,500 ബിൽ നം. 4/19-20, 20.02.2020<br>₹6,416 ബിൽ നം. 5/19-20, 26.02.2020 |

മാലൂർ ഗ്രാമ പഞ്ചായത്തിലെ 4,7,10,11 തരം തുല്യത പരീക്ഷയ്ക്കുവേണ്ടി സാക്ഷരതാ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത പഠിതാക്കളുടെ കോഴ്സ് ഫീസ് ജില്ലാ സാക്ഷരത മിഷനിൽ ഒടുക്കുന്നതിനായി ഹെഡ് മാസ്റ്റർ 2019-20 വർഷം നടപ്പിലാക്കിയ പ്രോജക്ടിന്റെ പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. കേരള സംസ്ഥാന സാക്ഷരതാ മിഷൻ നടത്തിവരുന്ന നാലാംതരം തുല്യത കോഴ്സിൽ (12-ാം ബാച്ചിൽ) 50 പഠിതാക്കളെ രജിസ്റ്റർ ചെയ്യിക്കുകയും മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 50 പഠിതാക്കൾക്ക് ഒരു പഠിതാവിന് ₹ 50 പ്രകാരം ₹2,500 കോഴ്സ് ഫീസ് അടവാക്കുന്നതിനും കണ്ണൂർ ജില്ലാ കോ-ഓർഡിനേറ്റർ 14-02-2020 ന് അയച്ച കത്തിൽ (No.F1/F10-541/2019/DLM- KNR) നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം മേൽ ചെലവുതുകയിൽ നിന്നും കോഴ്സ് ഫീസായി ₹ 2,500 കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57026981605, SBI) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ നിക്ഷേപിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കി പഠിതാക്കളുടെ ലിസ്റ്റ് സഹിതം ഹാജരാക്കിയാൽ തുക കൈപ്പറ്റിയത് സംബന്ധിച്ച് ഒറിജിനൽ രശീതി സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും അനുവദിക്കുന്നതാണെന്ന് ജില്ലാ കോ-ഓർഡിനേറ്റർ കത്തിൽ അറിയിച്ചിരുന്നു. എന്നാൽ രശീതി ഫയലിൽ ലഭ്യമല്ല. സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള രശീതി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. 50 പഠിതാക്കളുടെ കോഴ്സ് ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട പ്രഫോർമയിൽ തയ്യാറാക്കിയ പഠിതാക്കളുടെ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുല്യത പഠനത്തിനായി രജിസ്റ്റർ ചെയ്ത പഠിതാക്കളുടെയും പരിശീലന ക്ലാസ്സുകളുടെയും വിവരങ്ങൾ, പരീക്ഷ എഴുതിയതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതിയിലെ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3. ₹6,416 യുടെ ചെലവിൽ 50 പഠിതാക്കൾക്ക് പഠനോപകരണം (നോട്ട്, പേന) വാങ്ങിയ ₹1,500, തുല്യത പരീക്ഷയിൽ പങ്കെടുത്ത 37 പഠിതാക്കൾക്ക് ചായയും ലഘുഭക്ഷണവും വാങ്ങി നല്കിയ വകയിൽ ₹666, 50 പഠിതാക്കൾക്ക് പരീക്ഷ എഴുതുന്നതിനുവേണ്ടി പേന വാങ്ങിയ വകയിൽ ₹250 (ആകെ ₹2,416) ശ്രീമതി. പ്രമീള ഇ വി എന്നവരുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 40498100004848, കേരള ഗ്രാമീൺ ബാങ്ക്) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ചെലവിന് അടിസ്ഥാനമായ ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.(കൈ)11/2018/തസ്വഭവ, തീയതി 29.01.2018 പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.13 പ്രകാരം ഇത്തരം ചെലവുകൾ അനുവദനീയമല്ലാത്തതിനാൽ ഭാവിയിൽ ഇത്തരം ചെലവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമല്ല.
അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക ₹8,916 തടസ്സപ്പെടുത്തുന്നു.

## 1-32 സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 1,20,372 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 22/20, സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ |
| അടങ്കൽ | ₹ 1,20,372 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 1,20,372 ബിൽ നമ്പർ 23/19-20, തീയതി 28-12-2019 |

സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും ₹1,20,372 പിൻവലിച്ച് കോളയാട് കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ് ബി ഐ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 67216507510) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, കോളയാട് ഇലക്ട്രിക്കൽ സെക്ഷൻ അസി.എഞ്ചിനീയറുമായി ഉണ്ടാക്കിയ കരാർ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ.ഉ.(കൈ)നം.11/2018/തസ്വഭവ, തീയതി 29.01.2018 പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.2(3) ഡി (I)-ൽ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ നിക്ഷേപ പ്രവൃത്തികളിൽ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമായി സെക്രട്ടറി കെ.എസ്.ഇ.ബി. അസി. എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ആയതിനാൽ പ്രവൃത്തിയുടെ പൂർത്തീകരണ തീയതി വ്യക്തമല്ല. സ്ട്രീറ്റ് ലൈൻ മെയിൻ വലിക്കൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീയാക്കാൻ വേണ്ട തുടർ

പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന സെക്രട്ടറി സ്വീകരിച്ചിട്ടില്ല. മേല്പറഞ്ഞ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക ₹120372 തടസ്സപ്പെടുത്തുന്നു.

## 1-33 ഭൂജല വകുപ്പിന് തുകകൾ ഡെപ്പോസിറ്റ് ചെയ്തത് - രേഖകൾ ഹാജരാക്കിയില്ല, ചെലവുതുക ₹ 2,79,000 തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 132/20, വിവിധ അംഗൻവാടികൾക്ക് കുഴൽകിണർ നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 5,99,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | ₹ 5,36,000 |
| | ₹ 4,14,000ബിൽ നമ്പർ 20/19-20, തീയതി 19-12-2019 |
| | ₹ 1,22,000 ബിൽ നമ്പർ 26/19-20, തീയതി 30-01-2020 |

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നമ്പർ, പേര് | 133/20, പൊതു കിണർ നിർമ്മാണം (സ്പിൽ ഓവർ) |
| അടങ്കൽ | ₹ 1,57,000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ₹ 1,57,000; ബിൽ നമ്പർ 27/19-20, തീയതി 30-01-2020 |

മേൽപ്പറഞ്ഞ സ്പിൽ ഓവർ പ്രൊജക്ടുകളിൽ ₹4,14,000-യുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. തൃക്കടാരിപ്പൊയിൽ അംഗൻവാടിക്ക് കുഴൽകിണർ നിർമ്മാണത്തിന് ₹ 1,22,000 യും കുണ്ടേരിപ്പൊയിൽ പൊതു കിണർ നിർമ്മാണ ത്തിന് ₹ 1,57,000 യും പിൻവലിച്ച് ഭൂജല വകുപ്പിന്റെ 719011400000020 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരം, പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (28/24-11-2021) മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി ഭൂജല വകുപ്പുമായി ഉണ്ടാക്കിയ കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രവൃത്തികളുടെ പൂർത്തീകരണ തീയതി വ്യക്തമല്ല. അപകാങ്ങളുടെ അടിസ്ഥാനത്തിൽ ചെലവു തുക ₹2,79,000 തടസ്സപ്പെടുത്തുന്നു.

## 1-34 ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം - വർദ്ധിപ്പിച്ച നിരക്കിൽ പ്രീമിയം തുക ഈടാക്കി ഒടുക്കുന്നില്ല.

വൗച്ചർ നമ്പർ 21900023, തീയതി 8-04-2019 പ്രകാരം 2019 മാർച്ച് മാസത്തെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ₹ 4,400 ഈടാക്കി ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഒടുക്കിയിട്ടുണ്ട്. ഇതിൽ രണ്ടു ജീവനക്കാരിൽ നിന്നും ജി ഒ (പി) 112/2016/ധന, തീയതി 01-08 -2016 ഉത്തരവ് പ്രകാരം (പ്രാബല്യം 01-09-2017) വർദ്ധിപ്പിച്ച പ്രീമിയം തുക ഈടാക്കാതെ പഴയ നിരക്കിൽ തന്നെ ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ജീവനക്കാരന്റെ പേര്, തസ്തിക | അടിസ്ഥാന ശമ്പളം | ഈടാക്കേണ്ട പ്രീമിയം | ഈടാക്കിയത് |
|---|---|---|---|
| ശ്രീ. രതീഷ് കാനായി, സീനിയർ ക്ലാർക്ക് | 31500 | 400 | 200 |
| ശ്രീമതി രജനി കെ, ഹെഡ് ക്ലാർക്ക് | 34800 | 400 | 200 |

2019-20 വർഷം മുഴുവനായും ഇവരിൽ നിന്നും പഴയ നിരക്കിൽ തന്നെയാണ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയിട്ടുള്ളത്. ഉത്തരവിനു വിരുദ്ധമായി ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഈടാക്കി ഒടുക്കുന്നതിന് തൃപ്തികരമായ

വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/19-20, തീയതി 15.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നും ഉത്തരവു പ്രകാരം വർദ്ധിപ്പിച്ച നിരക്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം പ്രീമിയം തുക ഈടാക്കി ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 മഴക്കാല പൂർവ്വ ശുചീകരണം - വൗച്ചറുകളും വിനിയോഗ വിവരങ്ങളും ലഭ്യമാക്കിയില്ല- ₹ 30,000 തടസ്സപ്പെടുത്തുന്നു.

മഴക്കാല പൂർവ്വ ശുചീകരണം /പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി വൗച്ചർ നമ്പർ 21900166, തീയതി 07-06-2019 പ്രകാരം ₹ 1,50,000 (ശുചിത്വ മിഷൻ ഫണ്ട്) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.ക്ക് കൈമാറിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വൗച്ചറുകളും വിനിയോഗ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് (ഓഡിറ്റ് എൻക്വയറി നം. 7/19-20, 15.11.2021) IV, V, VI ഒഴികെയുള്ള വാർഡുകളിൽ തുക ചെലവഴിച്ചതിന്റെ മുഴുവൻ രേഖകളും ബന്ധപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർമാർ ഹാജരാക്കിയിരുന്നു. രേഖകളുടെ അഭാവത്തിൽ IV, V, VI വാർഡുകളിൽ അനുവദിച്ച ₹ 30,000 തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 ഐ.കെ.എം. വിഹിതം നല്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |
| പ്രോജക്ടിന്റെ നമ്പർ, പേര് | 3/20, ഐ.കെ.എം. വിഹിതം നൽകൽ |
| അടങ്കൽ | ₹ 35,025 (വികസന ഫണ്ട്, ജനറൽ) |
| ചെലവ് | ₹ 35,025, ബിൽ നമ്പർ 8/19-20, തീയതി 09-08-2019 |

ഐ.കെ.എം. പഞ്ചായത്ത് വിഹിതം ഒടുക്കുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും ₹35,025 പിൻവലിച്ച് ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 57047023512, എസ്.ബി.ഐ) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. തുകയുടെ വിനിയോഗ വിവരവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (12/15.11.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-37 മരണപ്പെട്ടവരുടെ ക്ഷേമപെൻഷൻ നിർത്തലാക്കുന്നില്ല.

മരണം രജിസ്റ്റർ സമയത്ത് മാലൂർ ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ തരം | വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| ശാന്ത, ശിവപുരം വെമ്പടി കോളനി | 441260082128 | 111750200871 | 02-12-2019 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ | 2020 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |
| മന്ന്യത്ത് കല്ല്യാണി, കുന്നമ്മൽ ഹൗസ്, കുണ്ടേരിപ്പൊയിൽ | 709976899617 | 111750100159 | 11-12-2019 | കർഷക തൊഴിലാളി പെൻഷൻ | 2021 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | നിക്ഷേപിച്ചു |
| പൊട്ടങ്കി കുഞ്ഞിക്കണ്ണൻ, താഴെപ്പറമ്പത്ത് ഹൗസ്, മാലൂർ | 360857772933 | 111750200206 | 25-01-2020 | ഇന്ദിരഗാന്ധി ദേശീയ വാർദ്ധക്യ പെൻഷൻ | 2021 ഒക്ടോബർ വരെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു |

മരണം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ആധാർ നമ്പർ ലഭ്യമാക്കിയിട്ടും മരണപ്പെട്ടയാൾ പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കപ്പെടാത്തതിനാൽ മാസങ്ങളോളം ഇവരുടെ അക്കൗണ്ടിലേക്ക് പെൻഷൻതുക ക്രെഡിറ്റ് ചെയ്യപ്പെടുന്നുണ്ട് എന്നാണ് പരിശോധനയിൽ വ്യക്തമാകുന്നത്. അപാകത്തിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (31/27-11-2021) മറുപടി ലഭ്യമാക്കി യിട്ടില്ല. മരണം റിപ്പോർട്ട് ചെയ്യുമ്പോൾ എഴുതി വാങ്ങുന്ന ആധാർ നമ്പർ ഉപയോഗിച്ച് ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന മുഴുവൻ ക്ഷേമപെൻഷനും പരിശോധിച്ച് പെൻഷൻ വിതരണം തുടരുന്നുണ്ടെങ്കിൽ അവ നിർത്തലാക്കാൻ നടപടി സ്വീകരിക്കേണ്ടതും അധികം നല്കിയ തുക മുഴുവൻ ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-38 ഇ-ടെണ്ടർ ഫീ ഈടാക്കിയിട്ടില്ല

ഇ ടെണ്ടർ വഴി നടപ്പാക്കിയ മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് LSGD വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ആയതിന് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതുമാണ്. ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. 2019-20 വർഷത്തിൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭ്യമാവേണ്ട തുകയുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറിക്കും മറുപടി നൽകിയിട്ടില്ല. ഈ വിവരം ലഭ്യമാക്കേണ്ടതാണ്. ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 മോണിറ്ററിങ്ങ് കാര്യക്ഷമമല്ല

പദ്ധതികളുടെ ഫലപ്രദമായ മോണിറ്ററിങ്ങ് നടത്തുകയെന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്ക് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റി ആയി പ്രവർത്തിക്കേണ്ടതാണെന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട് (സ.ഉ.(കൈ)11/2018/തസ്വഭവ തീയതി 29.01.18-ലെ ഖണ്ഡിക 13). മോണിറ്ററിങ്ങ് കമ്മിറ്റികൾ യോഗം ചേർന്ന് റിപ്പോർട്ട് തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടതുണ്ട്. നിർവഹണം പൂർത്തിയാകുന്ന ഘട്ടത്തിൽ തന്നെ എല്ലാ നിർവഹണ ഉദ്യോഗസ്ഥരും പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കേണ്ടതാണ്. പദ്ധതിയുടെ ലക്ഷ്യങ്ങളും നേട്ടങ്ങളും പൂർത്തീകരണ പത്രത്തിൽ വ്യക്തമായി രേഖപ്പെടുത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എന്നാൽ മാലൂർ ഗ്രാമപഞ്ചായത്തിലെ പ്രോജക്ടുകളോടൊപ്പം പ്രവൃത്തിയുടെ പൂർത്തീകരണ പത്രികയോ മോണിറ്ററിങ്ങ് കമ്മറ്റിയുടെ റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികളുടെ നിർവഹണം നടത്തിയതിലും മോണിറ്ററിങ്ങ് സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ടുകളുടെ കൃത്യമായ നിർവഹണം നടക്കുന്നുവെന്നുറപ്പ് വരുത്താൻ കൃത്യമായ മോണിറ്ററിങ്ങ് അനിവാര്യമാണ്. ഇവയുടെ അഭാവത്തിൽ പദ്ധതി നിർവഹണം എത്രകണ്ട് ഫലപ്രദമായിരുന്നു എന്ന് വിലയിരുത്തൽ അസാധ്യമാണ്.എല്ലാ പ്രോജക്ടുകളുടെയും അനുബന്ധമായി മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനായി അക്കൗണ്ടുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ |
|---|---|---|
| 2019-20 | 24.11.2021 | നം.കെ.എസ്.എ./കെ.എൻ.ആർ./സി. 11/1380/2021 തീയതി: 10.01.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ

| സ്ഥാപനം | പ്രോജക്ടിന്റെ പേര്/നമ്പർ | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | സമഗ്ര നെൽകൃഷി വികസനം/നം. 11/19-20 | 117142 | 212500 | 212500 | 117142 |
| | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്/നം.43 /19-20 | 469 | 199601 | 199601 | 469 |
| | ദീർഘ കാല രോഗികൾക്കും മാറാരോഗിരൾക്കുമുള്ള ഹോം കെയർ സംവിധാനം/നം.29 /19-20 | | 100000 | 100000 | |
| | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്/നം.17 /19-20 | | 175000 | 175000 | |
| | ഗവ. എൽ.പി.സ്കൂൾ ഹൈടെക് ആക്കി മാറ്റൽ/നം.110/19-20 | | 50000 | 50000 | |
| | ആകെ | 117611 | 737101 | 737101 | 117611 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്/നം.43 /19-20 | 122 | 280052 | 280052 | 122 |

| | | | | | |
|---|---|---|---|---|---|
| | സമഗ്ര നെൽകൃഷി വികസനം നം.11/19-20 | 30000 | | | 30000 |
| | ദീർഘ കാല രോഗികൾക്കും മാറാരോഗിരൾക്കുമുള്ള ഹോം കെയർ സംവിധാനം/നം. 29/19-20 | | 100000 | 100000 | |
| | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്/നം.17 /19-20 | 50000 | 175000 | 175000 | 50000 |
| | ആകെ | 80122 | 555052 | 555052 | 80122 |

## 4-3 നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ/ ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | കുഴൽക്കിണർ പ്രൊജക്ട് നം.132,133 | 21900849 ബിൽ നം. 20/19-20 തീ.19.12.2018 ബിൽ നം. 26/19-20 തീ.30.01.2020 | 414000 122000 157000 | ഇല്ല | പൂർത്തീകരിച്ചിട്ടില്ല | 693000 |
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് പ്രൊജക്ട് നം.22/20 | ബിൽ നം.23/19-20 തീ.28.12.2019 | 120372 | | പൂർത്തീകരിച്ചിട്ടില്ല. | 120372 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെ വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം,വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2019-20 | ലൈഫ് പദ്ധതി-രണ്ടാം ഘട്ടം | ഹഡ്കോവിൽ നിന്നും ലഭിച്ച ലോൺ | 2213779 | 2213779 | 220588 | - | 1993191 |

## 4-6 സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| | |
|---|---|
| വർഷം | 2019-20 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 20010 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 20010 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 20010 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | നിക്ഷേത്തിന്റെ വിവരം | തുക |
|---|---|---|
| 1 | മലബാർ ടൂറിസം ഡവലെപ്മെന്റ് കോർപ്പറേഷനിലെ ഷെയർ,തീയതി.15.5.2004 | 20010 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ 2019-20 വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേര്, ഉദ്യോഗപ്പേര് | രശീത് നമ്പർ തീയ്യതി |
|---|---|---|---|---|
| 2008-09 | 3-3 | 680 | | 119040100345 തീ. 9.5.2019 |
| 2009-10 | 3-17 | 300 | | 119040100346 തീ. 9.5.2019 |
| 2009-10 | 3-17 | 250 | | 119040100347 തീ. 9.5.2019 |
| “ | 3-31,3-33 | 34 | | 119040101668 തീ. 8.8.2019 |
| “ | 3-9,3-12,3-16 | 245 | | 119040101669 തീ. 8.8.2019 |
| “ | 3-20(3) | 75 | | 119040101670 തീ. 8.8.2019 |

| | | |
|---|---|---|
| ആകെ | 1584 | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2007-08 | 3-1 | സലിമോൻ പി.ആർ വി ഇ ഒ | LF/1114 SplCell/ CSCB3-/12/ തീയതി 11/11/2013 | 9,50,500 | | | | | | 9,50,500 | തുക ഒടുക്ക് വിവരം ലഭ്യമല്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹420040951 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹40132364 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ..ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 747734 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-സർചാർജ്ജ് ചെയ്യാവുന്നവ

ഇല്ല

(ബി-1)ഗ്രാമപഞ്ചായത്ത് തല നടപടികളിലൂടെ ഈടാക്കേണ്ടത തുകയുടെ വിവരങ്ങൾ

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ |
|---|---|---|

| നംപർ | | ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 43500 | കൃഷി ഓഫീസർ |
| 1-19 | 81000 | കൃഷി ഓഫീസർ |
| 1-26 | 30000 | ഹെഡ് മാസ്റ്റർ |
| 1-27 | 49900 | ഹെഡ് മാസ്റ്റർ |
| 1-28 | 50000 | ഹെഡ് മാസ്റ്റർ |
| 1-29 | 10346 | ഹെഡ് മാസ്റ്റർ |
| 1-30 | 5000 | ഹെഡ് മാസ്റ്റർ |
| 1-31 | 8916 | ഹെഡ് മാസ്റ്റർ |
| 1-32 | 120372 | സെക്രട്ടറി |
| 1-33 | 279000 | സെക്രട്ടറി |
| 1-35 | 30000 | സെക്രട്ടറി |
| ആകെ | 708034 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.പ്രേംകുമാർ,ഹെഡ്മാസ്റ്റർ (റിട്ട) | അഭിരാമം,തെരൂർ, എടയന്നൂർ | അഭിരാമം, തെരൂർ, എടയന്നൂർ |
| ശ്രീ.അനിൽകുമാർ.പി,സെക്രട്ടറി | സെക്രട്ടറി,മാലൂർ ഗ്രാമപഞ്ചായത്ത് | പടിക്കൽ ഹൗസ്, (പി.ഒ) മാവിലായി |
| ശ്രീമതി.അശ്വിനി.കെ.എസ്. | കൃഷി ഓഫീസർ, കാവാലം, ആലപ്പുഴ | കുന്നേൽപുതുപറമ്പ്, മാലക്കുന്നം(പി.ഒ), ചങ്ങനാശ്ശേരി, കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 | 2 |

| | | |
|---|---|---|
| | തീയതി:20.06.2019 | |
| 2005-06 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 4 |
| 2006-07 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 1 |
| 2007-08 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 3 |
| 2008-09 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 8 |
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 12 |
| 2010-11, 2011-12 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 11 |
| 2012-13 | കെ എസ് എ /കെ എൻ ആർ/ സി11/745/2019 തീയതി:20.06.2019 | 6 |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ/സി.11/ 745/2019 തീയതി:20.06.2019 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 10 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി.11/745/2019 തീയതി:20.06.2019 | 11 |
| 2017-18 | കെ എസ് എ /കെ എൻ ആർ/ സി.11.1051/2019 തീയതി:04.10.2019 | 15 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.11/1900/2019 തീയതിഃ 28.02.2020 | 25 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാലൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3-1

## റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്

| Malur Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16238365.36 |
| Cash | Cash | RP-40(a) | 19637.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1029170.00 |
| 130000000 | Rental income from Panchayat Properties | RP-3 | 362850.00 |
| 140000000 | Fees & User Charges | RP-4 | 551996.00 |
| 150000000 | Sale & Hire Charges | RP-5 | 68518.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31541997.00 |
| 171000000 | Interest Earned | RP-9 | 412880.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3610235.00 |
| 350000000 | Other Liabilities | RP-36 | 155641.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 1870.00 |
| 311000000 | Earmarked Funds | RP-29 | 5440.00 |
| 340000000 | Deposits Received | RP-34 | 337190.00 |
| 350000000 | Other Liabilities | RP-36 | 320707.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 3642457.00 |
| | Grand total | | 58298953.36 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3491094.00 |
| 220000000 | Administrative Expenses | RP-12 | 957605.00 |
| 230000000 | Operations & Maintenance | RP-13 | 781896.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2488571.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 11055587.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 275227.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 135025.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 724280.00 |
| 255000000 | Maintenance Projects | RP-20 | 2147591.00 |
| 280000000 | Prior Period item | RP-26 | -37650.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 54263.00 |
| 350000000 | Other Liabilities | RP-36 | 4925653.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 768.00 |
| 280000000 | Prior Period Item | RP-26 | -15420.00 |
| 311000000 | Earmarked Funds | RP-29 | 9000.00 |
| 330000000 | Secured Loans | RP-32 | 45885.00 |
| 340000000 | Deposits Received | RP-34 | 336096.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2085255.00 |
| 410000000 | Fixed Assets | RP-38 | 6211354.00 |
| 412000000 | Capital work in Progress | RP-40 | 2456861.00 |
| 460000000 | Loans, Advances and Deposits | RP-47 | 2003423.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 18166589.36 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 58298953.36 |

## അനുബന്ധം 3-2

## ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Malur Grama Panchayat INCOME & EXPENDITURE STATEMENT
For the period from 01-April-2019 to 31-March-2020

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4313424.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 682350.00 |
| 140000000 | Fee & User Charges | I-4(b) | 851048.00 |
| 150000000 | Sale & Hire Charges | I-5(b) | 90218.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 74819823.00 |
| 171000000 | Interest Earned | I-8 | 412880.00 |
| 180000000 | Other Income | I-9 | 1870.00 |
| | Total Income | | 81171613.00 |
| | EXPENDITURE | | |

| | | | |
|---|---|---|---|
| 210000000 | Establishment Expenses | I-10(b) | 9930884.00 |
| 220000000 | Administrative Expenses | I-11(b) | 957605.00 |
| 230000000 | Operations & Maintenance | I-12(b) | 781896.00 |
| 240000000 | Interest & Finance Charges | I-13 | 768.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2595533.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 35162673.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 275227.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 135025.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 16712680.00 |
| 255000000 | Maintenance Projects | I-14(e) | 2147591.00 |
| 272000000 | Depreciation | I-17(a) | 8132109.00 |
| | Total Expenditure | | 76831991.00 |
| | Gross Surplus/ Deficit of income over Expenditure | | 4339622.00 |
| 280000000 | Prior Period Item | I-18 | -74440.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4414062.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം 3-3

## ബാലൻസ് ഷീറ്റ്

| Malur Grama Panchayat BALANCE SHEET<br>For the period from 01-April-2019 to 31-March-2020 | | | |
|---|---|---|---|
| Code.No | Description of Items | Schedule | Amount |

| | | No | |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 7110999.06 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 58855.00 |
| 312000000 | Reserves | B-3 | 56224229.00 |
| | Total Reserve & Surplus | | 63394083.06 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4469475.95 |
| | Total Grants, Contributions for Specific Purposes | | 4469475.95 |
| | Loans | | |
| 330000000 | Secured Loans | B-5 | 1993191.00 |
| | Total Loans | | 1993191.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 495359.00 |
| 350000000 | Other Liabilities | B-9 | 971798.35 |
| | Total Current Liabilities and Provisions | | 1467157.35 |
| | TOTAL LIABILITIES | | 71323907.36 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 82880917.00 |
| 411000000 | Accumulated Depreciation | B-11 | -32503943.00 |
| 412000000 | Capital Work in Progress | B-11(a) | 601000.00 |
| | Total Fixed Assets | | 50977974.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 20010.00 |
| | Total Investments | | 20010.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 121021.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 18166589.36 |
| 460000000 | Loans, Advances and Deposits | B-18 | 2038313.00 |
| | Total Current Assets, Loans and Advances | | 20325923.36 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 71323907.36 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.